SHM/1064/13

പ്രിൻസിപ്പൽ കൃഷി ആഫീസ്
ഇടുക്കി, തൊടുപുഴ
തീയതി: 22/05/2013
ഫോൺ: 04862-222428

ദർഘാസ് പരസ്യം

ഇടുക്കി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയത്തിൽ നിന്നും പരസ്യപ്പെടുത്തുന്നത്.

ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി വട്ടവട, കാന്തല്ലൂർ എന്നീ പഞ്ചായത്തുകളിൽ നിർദ്ദിഷ്ട സ്ഥലങ്ങളിൽ 16 എണ്ണം "ക്യാരറ്റ് കഴുകുന്ന മിഷ്യൻ" സ്ഥാപിച്ചു നല്കുന്നതിന് തയ്യാറുള്ളവരിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ടെൻഡറുകൾ ക്ഷണിക്കുന്നു.

ഇടുക്കി പ്രൻസിപ്പൽ കൃഷി ഓഫീസറുടെ പേരിൽ എടുത്തിട്ടുള്ളതും തൊടുപുഴയിലെ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ മാറ്റിയെടുക്കാവുന്നതുമായ 32000/- (മുപ്പത്തിരണ്ടായിരം രൂപാ മാത്രം) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായും കൂടാതെ ടെണ്ടറിലെ 33-ാം ഖണ്ഡികയിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം ഒരു ഉടമ്പടിയും 100/- രൂപയുടെ (നൂറ് രൂപാ മാത്രം) മുദ്രപത്രത്തിൽ ടെണ്ടറിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

ദർഘാസുകൾ 2013 ജൂൺ മാസം 17-ാം തീയതി പകൽ 2 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും അന്നുതന്നെ ഉച്ചകഴിഞ്ഞ് 3 മണിക്ക് അപ്പോൾ ഹാജരുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ തുറക്കുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ പ്രസ്തുത ദിവസം പൊതു അവധിയായി പ്രഖ്യാപിച്ചാൽ അടുത്ത പ്രവർത്തി ദിവസം അതേസമയം ടെണ്ടറുകൾ സ്വീകരിക്കുന്നതിനും തുറക്കുന്നതിനും ബാധകമായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി സ്വീകരിക്കുന്നതും ടിയാൾ ജാമ്യനിക്ഷേപമായി 64000/ രൂപ (അറുപത്തി നാലായിരം രൂപാമാത്രം) ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ പേരിൽ ബാങ്ക് ഡ്രാഫ്റ്റായി നല്കേണ്ടതാണ്. കൂടാതെ 100 രൂപയുടെ മുദ്രപത്രത്തിൽ നിർദ്ദിഷ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു കരാറും എഴുതി സമർപ്പിക്കേണ്ടതാണ്. ഏതൊരു ദർഘാസും കാരണം കൂടാതെ നിരസിക്കുന്നതിനോ മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും. ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രത്യേക നിബന്ധനകൾക്ക് വിധേയമായി മാത്രമേ ടെണ്ടർ സ്വീകരിക്കുകയുള്ളൂ. ദർഘാസുകൾ സീൽ ചെയ്ത കവറുകളിൽ സമർപ്പിക്കേണ്ടതാണ്. കവറിനു മുകളിൽ ദർഘാസ് നമ്പരും "ക്യാരറ്റ് കഴുകുന്ന മിഷ്യൻ" സ്ഥാപിച്ചുനല്കുന്നതിനുള്ള ദർഘാസ് എന്നും രേഖപ്പെടുത്തേണ്ടതാണ്. സീൽ ചെയ്ത കവറിനു പുറത്ത് പ്രിൻസിപ്പൽ കൃഷി ഓഫീസർ, ഇടുക്കി, മിനി സിവിൽസ്റ്റേഷൻ

*തൊടുപുഴ എന്നും ടെണ്ടർ നല്കുന്ന ആളുടെ പേരും മേൽവിലാസവും വ്യകതമായി രേഖപ്പെടുത്തേണ്ടതാണ്.*

*ദർഘാസ് ഫോറം ആവശ്യമുള്ളവർ ഫോറം ഒന്നിന് വിലയായ 500/ രൂപയും (അഞ്ഞൂറ് രൂപ മാത്രം) ഈ തുകയുടെ 5 ശതമാനം വാറ്റ് നികുതിയും അടച്ച് പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്.*

*ഫോറം വില്പന 2013 മെയ് മാസം 27 -ാം തീയതി പകൽ 11 മണി വരെ ഈ ഓഫീസിൽ നിന്നും നടത്തുന്നതാണ്.*

*നിബന്ധനകൾ*

1. *6.5 എച്ച്. പി വാട്ടർ കൂൾഡ് ഡീസൽ എൻജിൻ, (ഫീൽഡ് മാർഷൽ/ കിർലോസ്കർ) വോം റിഡക്ഷൻ ഗിയർ ബോക്സ്, 1 എച്ച്. പി. ഹൈപ്രഷർ വാട്ടർ പമ്പ് എന്നിവ ഉപയോഗിച്ച്, 500 കിലോ ഗ്രാം ഡ്രം കപ്പാസിറ്റിയും 15 മിനിട്ട് കൊണ്ട് 300 കിലോ കൃരറ്റ് കഴുകുവാൻ സാധിക്കുന്നതുമായ മിഷ്യൻ ആണ് സപ്ലൈ ചെയ്യേണ്ടത്. (*1000mm *വ്യാസവും* 4mm *ഘനവുമുള്ള* 10 mm *അകലത്തിൽ ഹോളുകളുള്ളതുമായ മൈൽഡ് സ്റ്റീൽ ഡ്രം)*
2. *സപ്ലൈ ചെയ്യുന്ന മിഷ്യന് രണ്ടുവർഷക്കാലം ഗ്യാരണ്ടി ഉണ്ടായിരിക്കണം.*
3. *ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്യുന്ന വ്യക്തി/കമ്പനിയുടെ നിരക്ക് അംഗീകരിക്കുന്നതായിരിക്കും.*
4. *പ്രിൻസിപ്പൽ കൃഷി ഓഫീസർ നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മിഷ്യൻ സ്ഥാപിച്ചു നൽകേണ്ടതാണ്.*
5. *പ്രവർത്തിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്കും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും കരാറുകാരൻ പൂർണ്ണ ഉത്തരവാദിയായിരിക്കും.*
6. *വ്യവസ്ഥകൾക്ക് വിധേയമായി കോൺട്രാക്ടർ പ്രവർത്തിക്കാതിരിക്കുകയോ, നിശ്ചിത സമയ പരിധിക്കുള്ളിൽ മിഷ്യന്റെ വിതരണം പൂർത്തിയാക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം കോൺട്രാക്ട് റദ്ദാക്കുന്നതിനുള്ള അധികാരം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. മാത്രമല്ല ആയതുമൂലമുണ്ടാകുന്ന എല്ലാ നാശനഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്വം കോൺട്രാക്ടർക്ക് മാത്രമായിരിക്കന്നതാണ്. ടി നഷ്ടം റവന്യൂ റിക്കവറി അടക്കമുള്ള നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ ഈടാക്കുന്നതാണ്.*
7. *മറ്റ് സർക്കാർ വ്യവസ്ഥകൾ ഈ ദർഘാസിനും ബാധകമാണ്.*

*ഒപ്പ്*

*പ്രിൻസിപ്പൽ കൃഷി ആഫീസർ,ഇടുക്കി*

പകർപ്പ്:- *(1) എം.ഡി. എസ്സ്.എച്ച്.എം. (ആമുഖ കത്ത് സഹിതം)*

*(2)ജില്ലാ ഇൻഫർമേഷൻ ആഫീസർ ഇടുക്കി*

*(3) പ്രമുഖ ദിനപത്രങ്ങൾ*

*(4) കൃഷി ഡയറക്ടറുടെ വെബ് സൈറ്റ്*